# യോഹന്നാന്റെ ജീവപഠനം

## ദൂത് പതിനേഴ്

## ദാഹിക്കുന്നവരുടെ ആവശ്യം-ജീവന്റെ ദാഹശമനം

## (1)

ഈ സുവിശേഷത്തിലെ ഒമ്പത് സംഭവങ്ങളിൽ അഞ്ച് എണ്ണം നാം പരിഗണിച്ചുകഴിഞ്ഞു. ഒന്നാമത്തെ സംഭവത്തിൽ, ഉത്കൃഷ്ടനും ധാർമ്മികനുമായ ഒരു മനുഷ്യനോട് കർത്താവ് ജീവന്റെ വീണ്ടുംജനനത്തെക്കുറിച്ച് സംസാരിച്ചു. പുതിയ ജനനത്തിലൂടെ, കർത്താവ് നമ്മുടെ രണ്ടാം ജീവൻ, ദിവ്യജീവൻ ആണ്. രണ്ടാമത്തെ സംഭവത്തിൽ, കർത്താവ് അധമയും അസന്മാർഗ്ഗിയുമായ ഒരു സ്ത്രീയോട് ജീവന്റെ സംതൃപ്തിയെക്കുറിച്ച് പറഞ്ഞു. അസംതൃപ്തമായ ഹൃദയങ്ങളെ തൃപ്തിപ്പെടുത്തുന്ന ജീവനുള്ള വെള്ളം കർത്താവുതന്നെയാണ്. മൂന്നാമത്തെ സംഭവത്തിൽ, കർത്താവ് മരിച്ചുകൊണ്ടിരിക്കുന്ന ഒരു കുട്ടിയെ സൗഖ്യമാക്കി. വിശ്വസിക്കുന്നതിലൂടെ ജീവൻ നൽകുന്ന തന്റെ വചനത്താൽ, മരിച്ചുകൊണ്ടിരിക്കുന്നവരെ കർത്താവ് സൗഖ്യമാക്കുന്നു. നാലാമത്തെ സംഭവത്തിൽ, മുപ്പത്തെട്ട് വർഷമായി രോഗിയായിരുന്ന ശക്തിഹീനനായ ഒരു മനുഷ്യനെ കർത്താവ് ചൈതന്യവാനാക്കുന്നു. കർത്താവ് ശക്തിഹീനരെ ജീവനാൽ ചൈതന്യവൽക്കരിക്കുന്നു എന്ന് ഇത് കാണിക്കുന്നു. അഞ്ചാമത്തെ സംഭവത്തിൽ, കർത്താവ് ജീവന്റെ അപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചു. വിശക്കുന്ന ജനത്തെ തൃപ്തിപ്പെടുത്തുന്ന ജീവനുള്ള സ്വർഗ്ഗീയ അപ്പം അവനാണ് എന്ന് ഇത് സൂചിപ്പിക്കുന്നു. അതുകൊണ്ട്, ചുരുക്കത്തിൽ, ഒന്നാമത്തെ സംഭവത്തിൽ കർത്താവ് തന്റെ ദിവ്യജീവനാൽ വീണ്ടുംജനിപ്പിക്കുന്നു; രണ്ടാമത്തെ സംഭവത്തിൽ ജീവജലം നൽകുന്നു; മൂന്നാമത്തെ സംഭവത്തിൽ ജീവൻ നൽകുന്ന വചനത്താൽ മരിക്കുന്നവരെ സൗഖ്യമാക്കുന്നു; നാലാമത്തേതിൽ ശക്തിഹീനരെ ചൈതന്യവത്കരിക്കുന്നു, അഞ്ചാമത്തെ വിവരണത്തിൽ ജീവന്റെ അപ്പത്താൽ പുരുഷാരത്തെ പോഷിപ്പിക്കുന്നു.

ഇപ്പോൾ ഏഴാം അദ്ധ്യായത്തിൽ നാം ആറാമത്തെ സംഭവത്തിലേക്ക്-ദാഹിക്കുന്നവരുടെ ആവശ്യം- എന്നതിലേക്ക് വരുന്നു. അഞ്ചാമത്തെ സംഭവമായ വിശക്കുന്നവരുടെ ആവശ്യത്തിൽനിന്ന് ഈ സംഭവം വ്യത്യസ്തമാണ്. മുമ്പിലത്തെ വിവരണത്തിൽ കർത്താവ് നമ്മുടെ വിശപ്പ് അടക്കുന്ന ജീവന്റെ അപ്പമെന്ന് വ്യക്തമായി വെളിപ്പെട്ടു, എന്നാൽ ഈ സംഭവത്തിൽ കർത്താവ് നമ്മുടെ ദാഹം ശമിപ്പിക്കുന്ന ജീവജലത്തിന്റെ ഒഴുക്ക് കൊണ്ടുവരുന്നു. അഞ്ചാമത്തെ സംഭവത്തിൽ ആളുകൾ വിശപ്പുള്ളവരായിരുന്നു, എന്നാൽ ആറാമത്തേതിൽ അവർ ദാഹിക്കുന്നവരാണ്. അഞ്ചാമത്തെ സംഭവം ജീവനുള്ള അപ്പവും, ആറാമത്തേത് ജീവനുള്ള വെള്ളവും അവതരിപ്പിക്കുന്നു. ജീവന്റെ അപ്പം വിശപ്പുള്ളവർക്കും ജീവജലനദികൾ ദാഹിക്കുന്നവർക്കും ആണ്. ദാഹിക്കുന്നവർക്ക്, കർത്താവ് ദാഹം ശമിപ്പിക്കുന്ന ജീവനാണ്. മനുഷ്യന്റെ ദാഹം ശമിപ്പിക്കുവാൻ പ്രാപ്തിയുള്ള ജീവൻതന്നെയാണ് അവൻ.

കർത്താവ് നമ്മുടെ ഭക്ഷണവും വെള്ളവുമാണ് എന്ന ചിന്ത തിരുവെഴുത്തുകളിലുടനീളം കാണപ്പെടുന്നു. ഉദാഹരണത്തിന്, ഉല്പത്തി 2-ലെ ജീവവൃക്ഷം, നമ്മുടെ ഭക്ഷണത്തിനുള്ള ജീവസഹായമായ കർത്താവിന്റെ ഒരു ചിത്രമാണ്. ഉല്പത്തി 2-ൽ ജീവവൃക്ഷത്തിന് അരികെ നദിയുണ്ട്; അത് കർത്താവ് നമുക്ക് ജീവജലനദികൾ കൊണ്ടുവരുന്നതിന്റെ ഒരു ചിത്രമാണ്. അതായത്, ഇത് കർത്താവിന്റെ മനുഷ്യസൃഷ്ടിയിലുള്ള ഉദ്ദേശ്യത്തെ-മനുഷ്യൻ ഭക്ഷിക്കുകയും കുടിക്കുകയും വേണം എന്നതിനെ- ചിത്രീകരിക്കുന്നു. അവൻ ഭക്ഷിക്കുന്നതിൽ പരാജയപ്പെട്ടാൽ അവൻ വിശപ്പുള്ളവൻ ആയിത്തീരും. അവൻ കുടിക്കുന്നതിൽ പരാജയപ്പെട്ടാൽ അവൻ ദാഹമുള്ളവൻ ആയിത്തീരും. നമ്മുടെ വിശപ്പിനെ തൃപ്തിപ്പെടുത്തുന്ന ഭക്ഷണം കർത്താവാണ്. നമ്മുടെ ദാഹം ശമിപ്പിക്കുന്ന ജീവനുള്ള വെള്ളവും അവനാണ്.

പിന്നീട് തിരുവെഴുത്തുകളിൽ, യിസ്രായേൽ മക്കൾക്ക് അവർ മരുഭൂമിയിലൂടെ സഞ്ചരിക്കുമ്പോഴും ഭക്ഷണവും വെള്ളവും ലഭിച്ചു. ഒരു വശത്ത്, അവർക്ക് തങ്ങളുടെ ദിവസേനയുള്ള ഭക്ഷണമായി സ്വർഗ്ഗത്തിൽനിന്ന് മന്ന ലഭിച്ചു(പുറ.16:14-15). മറുവശത്ത്, അവർക്ക് തങ്ങളുടെ ദാഹം ശമിപ്പിക്കുവാൻ അടിക്കപ്പെട്ട പാറയിൽനിന്ന് ഒഴുകുന്ന ജീവജലവും ലഭിച്ചു(പുറ.17:6).

യോഹന്നാന്റെ സുവിശേഷത്തിൽ കർത്താവ് ജീവനുള്ള അപ്പവും ആകുന്നു. പുരുഷാരത്തിന്റെ വിശപ്പും ദാഹവും തീർക്കുവാൻ ജീവനുള്ള വെള്ളം നൽകാമെന്ന് അവൻ പറയുന്നു. പിതാവും പുത്രനും ആത്മാവും, ത്രിയേകദൈവത്തിന്റെ മൂന്ന് വ്യക്തിത്വങ്ങളും, ഭക്ഷണ

ത്തിന്റെയും വെള്ളത്തിന്റെയും ഈ കാര്യവുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. പിതാവായ ദൈവം ഉറവിടവും പുത്രനായ ദൈവം ഭക്ഷണവും ആത്മാവായ ദൈവം പാനീയവുമാണ്. ത്രിയേക ദൈവത്തിന്റെ ഒന്നാമത്തെ വ്യക്തിത്വം ഭക്ഷണമായ രണ്ടാമത്തെ വ്യക്തിത്വത്തിന്റെ ഉറവിടമാണ്. അവനിൽനിന്ന് മൂന്നാമത്തെ വ്യക്തിത്വം പാനീയമായി ഒഴുകുന്നു,

1 കൊരിന്ത്യർ 10:3-4 ഈ രണ്ടു കാര്യവും ചൂണ്ടിക്കാണിക്കുന്നു. അവിടെ ആത്മീയ ഭക്ഷണം ക്രിസ്തുതന്നെയാണ്. ആത്മീയ പാനീയം ഒഴുകുന്ന, അടിക്കപ്പെട്ട പാറയും അവനാണ്. പരിശുദ്ധാത്മാവാണ്, ക്രൂശിക്കപ്പെട്ട ക്രിസ്തുവിൽനിന്നും ഒഴുകുന്ന ആത്മീയ പാനീയം. അതുകൊണ്ട്, ക്രിസ്തു നമ്മുടെ ഭക്ഷണവും ക്രിസ്തുവിൽനിന്ന് ഒഴുകുന്ന പരിശുദ്ധാത്മാവ് നമ്മുടെ പാനീയവുമാണ്.

അവസാനമായി, നാം തിരുവെഴുത്തുകളുടെ ഒടുവിലേക്കു വരുന്നു. അവിടെ നാം പുതിയ യെരുശലേം കാണുന്നു. വീണ്ടും, ജീവനുള്ള വെള്ളത്തിന്റെ ഒഴുക്ക് പരിശുദ്ധാത്മാവും ഒഴുക്കിൽ വളരുന്ന ജീവവൃക്ഷം ക്രിസ്തുവുമാണ്(വെളി.22:1-2). അതുകൊണ്ട്, ക്രിസ്തു നമ്മുടെ ആത്മീയ ഭക്ഷണമാണെന്നും പരിശുദ്ധാത്മാവ് നമ്മുടെ ആത്മീയ പാനീയമാണെന്നും, തന്റെ വിശപ്പും ദാഹവും ശമിപ്പിക്കുവാൻ മനുഷ്യൻ ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യേണ്ടത് ആവശ്യമാണെന്നും, നമ്മെ കാണിക്കുന്നതായ ഒരു രേഖ തിരുവെഴുത്തുകളിലുടനീളം ഉണ്ട്.

യോഹന്നാന്റെ സുവിശേഷം ചിത്രങ്ങളുടെ ഒരു പുസ്തകമാണ്. ലേഖകൻ പ്രതിരൂപങ്ങളും ചിത്രങ്ങളും സ്പഷ്ടമായ വാക്കുകളും ഉപയോഗിച്ചു. കാരണം ജീവന്റെ കാര്യങ്ങൾ വളരെ ആഴമുള്ളതും അർത്ഥസമ്പുഷ്ടവും മാർമ്മികവും അമൂർത്തവും ആണ്. യോഹന്നാൻ സ്പഷ്ടമായ വാക്കുകൾ മാത്രം ഉപയോഗിച്ചിരുന്നുവെങ്കിൽ, ഈ ഐശ്വര്യങ്ങളിൽ സൂക്ഷ്മ പരിശോധന നടത്തുവാൻ ആളുകൾക്ക് പ്രയാസമാകുമായിരുന്നു. അതുകൊണ്ട് യോഹന്നാൻ ദൈവപ്രേരണയിൻകീഴിൽ വിവിധ ചിത്രങ്ങൾ ഉപയോഗിച്ചു. നാലാം അദ്ധ്യായത്തിൽ നമുക്ക് ദാഹിക്കുന്ന ഒരു രക്ഷകനും ദാഹിക്കുന്ന ഒരു പാപിയും തമ്മിൽ യാക്കോബിന്റെ കിണറിനരികെ കണ്ടുമുട്ടുന്നതായ ഒരു ചിത്രമുണ്ട്. അഞ്ചാം അദ്ധ്യായത്തിൽ ഒരു കുളത്തിനരികെ കാത്തുകിടക്കുന്ന വ്യാധിക്കാർ, കുരുടർ, മുടന്തർ, ക്ഷയരോഗികൾ തുടങ്ങിയ വലിയൊരു കൂട്ടത്തെ നാം കാണുന്നു. ആറാം അദ്ധ്യായത്തിൽ ഒരു മരുഭൂമിയും ഒരു മലയും കൊടുങ്കാറ്റുള്ള ഒരു കടലും നാം കാണുന്നു. കടലിൽ അങ്ങോട്ടും ഇങ്ങോട്ടും ആടിക്കൊണ്ടിരിക്കുന്ന ഒരു പടകും പടകിൽ ഭയപരവശരായ ആളുകളും ഉണ്ട്. പെട്ടെന്ന് ഒരു മനുഷ്യൻ തിരമാല

കൾക്കു മുകളിലൂടെ അവരുടെ അടുത്തേക്ക് നടന്നടുക്കുന്നു. അഞ്ച പ്പവും രണ്ടു മീനും കൊണ്ട് വിശക്കുന്ന ജനക്കൂട്ടത്തെ പോഷിപ്പിച്ചവ നാണ് ഈ മനുഷ്യൻ. ഏഴാം അദ്ധ്യായത്തിൽ നാം ഇനിയും മറ്റൊരു ചിത്രം കാണുന്നു.

## I. കൂടാരപ്പെരുന്നാളിന്റെ രംഗം

### A. ആറാം അദ്ധ്യായത്തിലെ പെസഹാപെരുന്നാളിന്റെ രംഗത്തിൽനിന്നു വ്യത്യസ്തം

ആറാമത്തെ സംഭവം അഞ്ചാമത്തെ സംഭവത്തിന്റെ തുടർച്ചയാണ്. കാരണം ഭക്ഷണത്തിന്റെ കാര്യം വെള്ളവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതു സംബന്ധിച്ച്, മറ്റൊരു വ്യത്യാസവുമുണ്ട്. അഞ്ചാമത്തെ സംഭവ ത്തിന്റെ പശ്ചാത്തലത്തിൽ പെസഹാപെരുന്നാൾ ഉണ്ട്. ഏഴാം അദ്ധ്യാ യത്തിലെ ഈ വിവരണത്തിന്റെ പശ്ചാത്തലത്തിൽ കൂടാരപ്പെരുന്നാൾ ഉണ്ട്. പെസഹാപെരുന്നാൾ വാർഷിക യെഹൂദ പെരുന്നാളുകളിൽ ആദ്യത്തേതും കൂടാരപെരുന്നാൾ അവസാനത്തേതുമാണ്(ലേവ്യ. 23:5,34). പെസഹാപെരുന്നാൾ, വർഷത്തെ ആദ്യപെരുന്നാൾ എന്ന നിലയിൽ മനുഷ്യജീവിതത്തിന്റെ ആരംഭത്തെ പരോക്ഷമായി സൂചി പ്പിക്കുന്നു(cf.പുറ.12:2-3,6). അത് മനുഷ്യന്റെ സംതൃപ്തിക്കായുള്ള അന്വേഷണത്തോട് ബന്ധപ്പെട്ടിരിക്കുന്നു; അതിന്റെ ഫലം മനുഷ്യന്റെ വിശപ്പാണ്. കൂടാരപ്പെരുന്നാൾ, വർഷത്തെ അവസാനത്തെ പെരു ന്നാൾ എന്ന നിലയിൽ, മനുഷ്യജീവിതത്തിന്റെ പൂർത്തീകരണ ത്തെയും വിജയത്തെയും സൂചിപ്പിക്കുന്നു(cf.പുറ.23:16). അതിന്റെ അവ സാനവും ഫലവും മനുഷ്യന്റെ ദാഹമാണ്. പെസഹാ പെരുന്നാളിന്റെ പശ്ചാത്തലത്തിൽ കർത്താവ് അവനെത്തന്നെ മനുഷ്യന്റെ വിശപ്പ് ശമിപ്പിക്കുന്ന ജീവന്റെ അപ്പമായി നൽകുന്നു. കൂടാരപ്പെരുന്നാളിന്റെ പശ്ചാത്തലത്തിൽ, മനുഷ്യന്റെ ദാഹം ശമിപ്പിക്കുന്ന ജീവനുള്ള വെള്ളം താൻ ഒഴുക്കുമെന്ന് കർത്താവ് വാഗ്ദാനം ചെയ്തു.

പെസഹാപെരുന്നാൾ ആഘോഷിച്ചത്, ആളുകൾ വേല ചെയ്യു കയും അദ്ധ്വാനിക്കുകയും ചെയ്ത വർഷാരംഭത്തിൽ ആയിരുന്നു. ആളുകൾ തങ്ങളുടെ വിശപ്പ് അടക്കുവാൻ ജോലി ചെയ്യുന്നു, എന്നിട്ടും അസംതൃപ്തരായി കാണുന്നു എന്നതാണ് അയ്യായിരം പേരെ പോഷിപ്പിച്ചതിന്റെ കാര്യം. അവർ അദ്ധ്വാനിച്ചു, അവർ പണിയെ ടുത്തു, അവർ സംതൃപ്തിക്കായി ചിലത് അന്വേഷിച്ചു, എന്നാൽ അവർ പരാജയപ്പെട്ടു. ഇതിനു വിപരീതമായി, കൂടാരപ്പെരുന്നാൾ വന്നത് വിളവെടുപ്പ് പൂർത്തിയാകുന്ന ഒരു സമയത്തായിരുന്നു. ജനം ധാന്യവും വീഞ്ഞും ശേഖരിച്ചു കഴിഞ്ഞിരുന്നു(ആവ.16:13-14). വിള മുഴുവനും കൊയ്തെടുത്തിരുന്നു. എല്ലാവരും കൂടാരപ്പെരുന്നാളിന്

കൂടിവരുകയും തങ്ങളുടെ കുടുംബങ്ങളെയും ദാസന്മാരെപ്പോലും കൂട്ടി എല്ലാം ആസ്വദിക്കുകയും ചെയ്യണമായിരുന്നു. നാം മനസ്സിലാക്കേണ്ടത് കൂടാരപ്പെരുന്നാളിന്റെ സമയത്ത് ആളുകൾ അദ്ധ്വാനിക്കുന്നില്ല, കാരണം ജോലി കഴിഞ്ഞു; ധാന്യവിളകൾ കൊയ്തെടുക്കുകയും ധാന്യവും വീഞ്ഞും ശേഖരിക്കുകയും ചെയ്തിരിക്കുന്നു എന്നാണ്. അത് തങ്ങളുടെ ആസ്വാദനത്തിൽ സന്തോഷിക്കേണ്ട സമയമായിരുന്നു-എന്നാൽ അവർ അപ്പോഴും ദാഹമുള്ളവരായിരുന്നു! ആറാമത്തെ സംഭവം വെളിപ്പെടുത്തുന്നത് തങ്ങളുടെ വിജയത്താൽപോലും അവരുടെ ദാഹം ശമിച്ചിരുന്നില്ല എന്നാണ്.

പുറപ്പാട് 12-ൽ പെസഹയെ സംബന്ധിച്ച വാക്യങ്ങൾ നിങ്ങൾ വായിച്ചാൽ, ജീവന്റെ ആരംഭത്തെയാണ് പെസഹ കാണിക്കുന്നത് അഥവാ പരോക്ഷമായി സൂചിപ്പിക്കുന്നത് എന്ന് നിങ്ങൾ കാണും. പെസഹ, തീർച്ചയായും, രക്ഷയ്ക്കുവേണ്ടിയാണ്. നാം രക്ഷിക്കപ്പെട്ടപ്പോൾ, നമുക്ക് പുതിയൊരു തുടക്കം ഉണ്ടായിരുന്നു. പെസഹ എപ്പോഴും വർഷത്തിന്റെ ആദ്യമാസത്തിൽ ആയിരുന്നു. അതുകൊണ്ട്, അത് ഒരു പുതിയ തുടക്കത്തിന്റെ അടയാളമായിരുന്നു. ഒരർത്ഥത്തിൽ എല്ലാ ചെറുപ്പക്കാരും പെസഹയിലാണ്, കാരണം അവരുടെ ജീവിതം തുടങ്ങിയിട്ടേയുള്ളൂ; അവർക്ക് വളരെ വലിയ പ്രതീക്ഷകളും ഉണ്ട്. ഒരുപക്ഷേ നിങ്ങൾ കോളേജ് പഠനം പൂർത്തിയാക്കിയിട്ടില്ലായിരിക്കാമെങ്കിലും, പൂർത്തിയാക്കിയതിനു ശേഷം നിങ്ങൾ ഒരു പ്രൊഫസർ, ഡോക്ടർ, അല്ലെങ്കിൽ വക്കീൽ ആകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതാണ് പെസഹാപെരുന്നാൾ. പെസഹാപെരുന്നാൾ എപ്പോഴും വിശപ്പിൽ പര്യവസാനിക്കുന്നു എന്നു നാം നേരത്തെ കണ്ടു. നിങ്ങളുടെ ബിരുദത്തിനു ശേഷം വിശപ്പല്ലാതെ മറ്റൊന്നുമുണ്ടായിരിക്കുകയില്ല. ഉദ്യോഗത്തിൽ വലിയ സ്ഥാനം നിങ്ങൾ നേടുമ്പോൾ, നിങ്ങൾക്ക് കൂടുതൽ വിശപ്പനുഭവപ്പെടും. കൂടുതൽ പണം നിങ്ങൾ സമ്പാദിക്കുമ്പോൾ, നിങ്ങൾ കൂടുതൽ അസംതൃപ്തനാകുന്നു. യോഹന്നാൻ 6-ൽ പെസഹാപെരുന്നാൾ, ജീവിതത്തിൽ ആദ്യപടി എന്ന നിലയിൽ വിശപ്പിൽ പര്യവസാനിക്കുന്നു.

Wed

## B. ജീവിതത്തിന്റെ പൂർത്തീകരണത്തെയും വിജയത്തെയും മതപരമായ മാർഗ്ഗത്തിലുള്ള അതിന്റെ ആസ്വാദനത്തോടുകൂടെ സൂചിപ്പിക്കുന്നു

തങ്ങളുടെ ധാന്യവിളകളുടെ മുഴുവൻ ഫലശേഖരണത്തിനു ശേഷം, യെഹൂദജനം തങ്ങൾ കൊയ്തെടുത്തവ ദൈവാരാധനയിൽ ആസ്വദിക്കുവാൻ കൂടാരപ്പെരുന്നാൾ കൊണ്ടാടി(പുറ.23:16; ആവ.16:13-15). അങ്ങനെ മനുഷ്യന്റെ തൊഴിൽ, പഠനം, മനുഷ്യജീവിതത്തിലെ മതം ഉൾപ്പെടെയുള്ള മറ്റു കാര്യങ്ങൾ എന്നിവയുടെ സന്തോ

ഷത്തോടും ആസ്വാദനത്തോടുംകൂടെ, പൂർത്തീകരണത്തെയും, നേട്ട ത്തെയും, വിജയത്തെയും ഈ പെരുന്നാൾ സൂചിപ്പിക്കുന്നു. അങ്ങനെ കൂടാരപ്പെരുന്നാൾ പരോക്ഷമായി സൂചിപ്പിക്കുന്നത് നിങ്ങളുടെ തൊഴിൽ, നേട്ടം, ഔദ്യോഗിക ജീവിതം, എന്നിവയുടെ പൂർത്തീകര ണത്തെയാണ്. നിങ്ങൾ നിങ്ങളുടെ തൊഴിലിൽ അല്ലെങ്കിൽ ഔദ്യോ ഗിക ജീവിതത്തിൽ വിജയിയാണെങ്കിലും, അതിന്റെ എല്ലാം ഫലം ദാഹം ആയിരിക്കുമെന്ന് നിങ്ങൾ മനസ്സിലാക്കണം. ഒടുവിൽ, നിങ്ങ ളുടെ ജീവകാലം മുഴുവനുമുള്ള അദ്ധ്വാനത്തിനു ശേഷവും നിങ്ങൾക്ക് ദാഹിക്കും, കാരണം എല്ലാറ്റിനും ഒരു അവസാനദിനം ഉണ്ട്. എല്ലാം അവസാനിക്കുന്നു. അവസാനദിനം എപ്പോഴും ഒരു വലിയ ദിവസ മായിരിക്കും. ആളുകൾ ഒരു പ്രത്യേക വിജയം നേടിയതിനു ശേഷം, മറ്റുള്ളവർ അവർക്ക് ഒരു ഓർമ്മദിനം കൊടുക്കുന്നു. ഒരു വ്യക്തി യുടെ ഓർമ്മദിനം എപ്പോഴും അവന്റെ അവസാനദിനമായിരിക്കും. അതായിരിക്കും അവസാനം, അവസാനം ശൂന്യമായിരിക്കും. അത് ദാഹത്തിൽ ,പരിണമിക്കുന്നു. യോഹന്നാൻ 6-ൽ നമുക്ക് വിശപ്പിൽ പരിണമിക്കുന്ന ജീവിതത്തിന്റെ ആരംഭമുണ്ട്; യോഹന്നാൻ 7-ൽ നമുക്ക് ദാഹത്തിൽ അവസാനിക്കുന്ന ജീവിതത്തിന്റെ വിജയവും പൂർത്തീകരണവുമുണ്ട്. മുമ്പിലത്തെ സംഭവത്തിൽ അദ്ധ്വാനിക്കുകയും ജോലി ചെയ്യുകയും അന്വേഷിക്കുകയും തങ്ങളുടെ വിശപ്പ് ശമിപ്പി ക്കുവാൻ ചിലത് കണ്ടെത്തുവാൻ കഷ്ടപ്പെടുകയും എന്നാൽ അത് ലഭിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്ന ആളുകളെ കാണിക്കു ന്നു. ഈ വിവരണം പ്രതിപാദിക്കുന്നത് തങ്ങൾക്ക് ആവശ്യമായിരി ക്കുന്നതെല്ലാം ഉള്ള ആളുകളെയാണ്; എന്നാൽ അത് അവരുടെ ദാഹം ശമിപ്പിക്കുന്നില്ലെന്ന് അവർ കണ്ടെത്തുന്നു. അവർക്ക് എല്ലാം ലഭി ച്ചിരിക്കുന്നു; അവർ എല്ലാം ആസ്വദിച്ചിരിക്കുന്നു. എന്നാൽ അവരുടെ എല്ലാവിജയത്തിനും അവരുടെ എല്ലാ നേട്ടത്തിനും അവരുടെ പെരു ന്നാളുകളുമായി ബന്ധപ്പെട്ട യാതൊന്നിനും-അവരുടെ മതത്തിനും അവരുടെ ദൈവാലയത്തിനും- അവരുടെ ദാഹം ശമിപ്പിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട്, ഈ രണ്ടു സംഭവങ്ങൾ, പ്രവർത്തിക്കു ന്നവരെയും വിശ്രമിക്കുന്നവരെയും തമ്മിൽ താരതമ്യപ്പെടുത്തുന്നു. എങ്ങനെയായാലും, നിങ്ങൾ പ്രവർത്തിക്കുകയോ വിശ്രമിക്കുകയോ ആണെങ്കിലും, നിങ്ങളുടെ വിശപ്പ് അടക്കുവാനോ ദാഹം ശമിപ്പിക്കു വാനോ നിങ്ങൾക്ക് കഴിയുകയില്ല.

എന്നിരുന്നാലും, അദ്ധ്വാനിക്കുന്ന ജനത്തിന് കർത്താവ് ഭക്ഷണ മാണ്; വിശ്രമിക്കുന്നവർക്ക് അവൻ ജീവനുള്ള വെള്ളം നൽകും. വാസ്തവത്തിൽ, മനുഷ്യവർഗ്ഗം നിലനിൽക്കുന്നത് രണ്ടവസ്ഥകളിൽ ഒന്നിൽ മാത്രമാണ്. ഒന്ന്, അവർക്ക് ചിലത് ഇല്ലാത്തതുകൊണ്ട് അവർ

അന്വേഷിക്കുകയും പ്രവർത്തിക്കുകയും ക്ലേശിക്കുകയും അദ്ധ്വാനിക്കുകയും വേണം; മറ്റേത് തങ്ങൾക്ക് എല്ലാമുള്ളതുകൊണ്ട് അവർക്ക് ആഹ്ലാദിക്കുകയും തങ്ങളുടെ സമ്പത്ത് ആസ്വദിക്കുകയും ചെയ്യാം. അതായത്, ഒന്നാമതായി നിങ്ങൾക്ക് ഒന്നുമില്ലെന്ന് നിങ്ങൾ അറിയുന്നു; അതുകൊണ്ട് നിങ്ങൾ കഠിനമായി ജോലി ചെയ്യുകയും അദ്ധ്വാനിക്കുകയും വേണം. ഉദാഹരണത്തിന്, ഒരുപക്ഷേ നിങ്ങൾ കോളജിൽ ആദ്യവർഷമായിരിക്കാം; നിങ്ങൾ നിങ്ങളുടെ പഠനത്തിൽ അദ്ധ്വാനിക്കണം. ഇത് പെസഹാ പെരുന്നാൾ പോലെയാണ്. പഠനം പൂർത്തിയാക്കുകയും ബിരുദം നേടുകയും മികച്ച തൊഴിൽ ലഭിക്കുകയും ചെയ്തശേഷം, നിങ്ങൾ സമ്പന്നനാണ്. ഇത് കൂടാരപ്പെരുന്നാൾ പോലെയാണ്; കാരണം വേലയും അദ്ധ്വാനവും തീർന്നിരിക്കുന്നു. ഇപ്പോൾ നിങ്ങൾ സ്വസ്ഥരും നിങ്ങളുടെ അദ്ധ്വാനത്തിന്റെ പ്രയോജനങ്ങൾ ആസ്വദിക്കുകയും ആഹ്ലാദിക്കുകയും ചെയ്യുന്ന ഒരു സ്ഥാനത്തും ആണ്.

ഏത് പെരുന്നാളിലാണ് നിങ്ങൾ പങ്കെടുക്കുന്നത്-പെസഹാ പെരുന്നാളിലോ കൂടാരപ്പെരുന്നാളിലോ? നിങ്ങൾ ഏതു പെരുന്നാളിൽ പങ്കെടുത്താലും, നിങ്ങൾ ഇപ്പോഴും വിശക്കുന്നവനോ ദാഹിക്കുന്നവനോ ആണ്. നിങ്ങൾ ദയനീയമോ സുഖകരമോ ആയ അവസ്ഥയിൽ ആയിരുന്നാലും, ദാരിദ്ര്യത്തിലോ സമൃദ്ധിയിലോ ആയിരുന്നാലും, നിങ്ങൾ ഒന്നുകിൽ വിശക്കുന്നവൻ അല്ലെങ്കിൽ ദാഹിക്കുന്നവൻ ആണെന്ന് നിങ്ങൾ മനസ്സിലാക്കും. വിദേശികളായ അനേക വിദ്യാർത്ഥികൾ സമ്പന്നരാഷ്ട്രമായ അമേരിക്കയിൽ വിദ്യാഭ്യാസത്തിനായി വരാറുണ്ട്. എന്നാൽ യാഥാർത്ഥത്തിൽ അവർ വിശക്കുന്നവരാണ്. അനേക വർഷങ്ങൾ അവർ കഠിനാദ്ധ്വാനം ചെയ്യുകയും അവസാനം ഒരു ഡോക്ടർ ബിരുദം നേടുകയും ചെയ്ത്, ചിലർ വളരെ സമ്പന്നരാകും, എന്നാൽ അവർ അപ്പോഴും ദാഹമുള്ളവരായിരിക്കും.

ഒരുപക്ഷേ ഒരു യുവാവെന്ന നിലയിൽ നിങ്ങൾ വിവാഹത്തെക്കുറിച്ച് ആലോചിക്കുന്നുണ്ടാകാം. ഇത് വെളിപ്പെടുത്തുന്നത് നിങ്ങൾക്ക് ഒരു ഭാര്യയ്ക്കുവേണ്ടിയുള്ള വിശപ്പും ഒരു സഹായിക്കായുള്ള വിശപ്പും ഒരു കുടുംബത്തിനും കുഞ്ഞുങ്ങൾക്കും വേണ്ടിയുള്ള വിശപ്പും ഉണ്ടെന്നാണ്. നിങ്ങൾ ഏറ്റവും നല്ല ഭാര്യയെ വിവാഹം കഴിച്ചാലും, നിങ്ങൾക്ക് ഏറ്റവും നല്ല കുട്ടികൾ ഉണ്ടായാലും, സകലത്തിലും നല്ലവ സ്വന്തമാക്കിയാലും നിങ്ങൾ ഒടുവിൽ എഴുപതോ എൺപതോ വയസ്സുള്ളവനാകും എന്നാണ് എനിക്ക് നിങ്ങളോട് പറയുവാനുള്ളത്. അതായിരിക്കും നിങ്ങൾ സകലത്തിലും ആഹ്ലാദിക്കുകയും എല്ലാം ആസ്വദിക്കുകയും ചെയ്യുന്ന, നിങ്ങളുടെ കൂടാരപ്പെരു

ന്നാൾ. യാതൊന്നിനും നിങ്ങളുടെ ദാഹം ശമിപ്പിക്കുവാൻ കഴിയുകയില്ലെന്ന് ആ സമയത്ത് നിങ്ങൾ കണ്ടെത്തും. പെസഹായിൽ നിങ്ങൾ വിശപ്പുള്ളവനായിരുന്നു, എന്നാൽ കൂടാരപ്പെരുന്നാൾ കഴിയുമ്പോൾ നിങ്ങൾ പിന്നെയും ദാഹമുള്ളവനായിരിക്കും. നിങ്ങൾ കോളേജിലേക്ക് അപേക്ഷ കൊടുക്കുമ്പോൾ, നിങ്ങൾ വിശപ്പുള്ളവനായിരുന്നു; എന്നാൽ നിങ്ങൾ ബിരുദം നേടിയ ശേഷം നിങ്ങൾ പിന്നെയും ദാഹിക്കുന്നവനായിരുന്നു. നിങ്ങൾ വിവാഹം ചെയ്ത ആദ്യകാലത്ത് നിങ്ങൾ വിശപ്പുള്ളവനായിരുന്നു. എന്നാലിപ്പോൾ വിവാഹത്തിനു ശേഷവും നിങ്ങൾ ദാഹമുള്ളവനാണ് എന്ന് നിങ്ങൾ അറിയുന്നു.

പെസഹാപെരുന്നാളിൽ അദ്ധ്വാനിക്കുന്നവർക്ക് ക്രിസ്തു ജീവന്റെ അപ്പമാണ് എന്നതിനാൽ കർത്താവിന് സ്തോത്രം. ഒരു കോളജ് വിദ്യാഭ്യാസത്തിനു ഒരിക്കലും ജീവന്റെ അപ്പമായിരിക്കുവാൻ കഴിയുകയില്ല. കർത്താവിനു മാത്രമേ, നമ്മുടെ സംതൃപ്തി ആയിരിക്കുവാൻ കഴിയുകയുള്ളൂ. മാത്രമല്ല, കർത്താവിനു മാത്രമേ, കൂടാരപ്പെരുന്നാളിൽ വിശ്രമിക്കുകയും ആഹ്ലാദിക്കുകയും ചെയ്യുന്നവരുടെ ദാഹം ശമിപ്പിക്കുവാൻ കഴിയുകയുള്ളൂ. ജനത്തിന് ചോളവും വീഞ്ഞുമടക്കം എല്ലാം ഉള്ളപ്പോഴും, ഒരു അന്തർദാഹം നിലനിൽക്കുന്നു എന്ന് അവർ മനസ്സിലാക്കുന്നു. തങ്ങളുടെ കൈവശമുള്ള ഉൽപ്പന്നങ്ങളിൽ അവർ ആഹ്ലാദിക്കുകയും ആസ്വദിക്കുകയും ചെയ്തേക്കാം. എന്നിരുന്നാലും അവരുടെ ദാഹം ശമിപ്പിക്കുവാൻ, കർത്താവിനു മാത്രമേ ജീവജലം ഉള്ളു.

ഈ രണ്ടു പെരുന്നാളുകളെയും സംബന്ധിച്ച ചിന്ത നിങ്ങൾ കാണുന്നുവെങ്കിൽ മനുഷ്യാവസ്ഥയുടെ രണ്ടു ഘട്ടങ്ങളും നമ്മുടെ ജീവപ്പകർച്ചയായ ക്രിസ്തുവിന്റെ രണ്ടു ഭാവങ്ങളും നിങ്ങൾ കാണും. ഒരു വശത്ത്, നാം അദ്ധ്വാനിക്കുമ്പോൾ അവൻ ജീവന്റെ അപ്പമാണ്; മറുവശത്ത്, നാം വിശ്രമിക്കുമ്പോൾ അവൻ ജീവജലം നമുക്ക് പകർന്നു തരുന്നു. ഈ ചിന്ത നിങ്ങൾ കണ്ടാൽ, യോഹന്നാൻ 7 മുഴുവനും നിങ്ങൾക്ക് മനസ്സിലാകും. ഇത് നീണ്ട ഒരു അദ്ധ്യായം ആണെങ്കിലും ചിന്തയിൽ ഇത് ലഘുവാണ്. നിങ്ങളുടെ എല്ലാ നേട്ടങ്ങളിലും നിങ്ങൾ വിജയിച്ചു കഴിയുമ്പോൾ, നിങ്ങളുടെ മുഴുവൻ സമ്പാദ്യങ്ങളും നിങ്ങൾ ആസ്വദിച്ചു കഴിയുമ്പോൾ, നിങ്ങളുടെ എല്ലാ നല്ല സാഹചര്യങ്ങളിലും നിങ്ങൾ ആഹ്ലാദിച്ചു കഴിയുമ്പോൾ, നിങ്ങളുടെ ദാഹം ഇനിയും ശമിച്ചിട്ടില്ലെന്ന് പിന്നെയും നിങ്ങൾ മനസ്സിലാക്കും എന്നതാണ് ആ ചിന്ത. നിങ്ങളുടെ ദാഹം ശമിപ്പിക്കുവാൻ യാതൊന്നും മതിയായതല്ല. ജീവന്റെ ജലം നൽകുക വഴി കർത്താവിനു മാത്രമേ നിങ്ങളുടെ ദാഹം ശമിപ്പിക്കുവാൻ കഴിയുകയുള്ളൂ.

## C. ജീവജലം ഒഴുകുന്ന നിത്യകൂടാരത്തിന്റെ ആവശ്യം അനുസ്മരിപ്പിക്കുന്നു

നല്ല ദേശത്തിലെ സ്വസ്ഥതയിലേക്ക് പ്രവേശിക്കാമെന്നുള്ള പ്രതീക്ഷയോടെ മരുഭൂമിയിൽ തങ്ങളുടെ പിതാക്കന്മാർ അലഞ്ഞപ്പോൾ എങ്ങനെ അവർ കൂടാരങ്ങളിൽ പാർത്തിരുന്നു(ലേവ്യ. 23:39-43) എന്ന് യിസ്രായേൽ മക്കൾ അനുസ്മരിക്കുവാൻ ദൈവം കൂടാരപ്പെരുന്നാൾ നിയമിച്ചു. അതുകൊണ്ട്, ഈ പെരുന്നാൾ ഇന്നും ജനം മരുഭൂമിയിലാണെന്നും നിത്യകൂടാരമായ(വെളി.21:2-3) പുതിയ യെരുശലേമിന്റെ സ്വസ്ഥതയിലേക്ക് പ്രവേശിക്കേണ്ടവരാണെന്നുമുള്ള ഓർമ്മപ്പെടുത്തലും ആണ്. അബ്രഹാമും യിസ്ഹാക്കും യാക്കോബും മനുഷ്യന്റെ ദാഹം ശമിപ്പിക്കുവാൻ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്ന് പുറപ്പെടുന്ന ജീവജലനദിയുള്ളതായ(എബ്രാ.11:9-10) ഈ നിത്യകൂടാരത്തിനായി കാത്തിരുന്നുകൊണ്ട് കൂടാരങ്ങളിൽ പാർത്തിരുന്നു. ഇപ്രകാരമൊരു പശ്ചാത്തലമുള്ള ഉത്സവത്തിന്റെ ഒടുവിൽ ക്രിസ്തു മനുഷ്യന്റെ നിത്യതയ്ക്കായുള്ള പ്രതീക്ഷയെ തൃപ്തിപ്പെടുത്തുന്ന ജീവജലനദികളെക്കുറിച്ചുള്ള വാഗ്ദാനം വിളിച്ചു പറഞ്ഞു(യോഹ.7:37-39).

കൂടാരപ്പെരുന്നാൾ ജീവനദി ഒഴുകുന്ന നിത്യകൂടാരത്തിന്റെ ആവശ്യം ജനത്തെ ഓർമ്മപ്പെടുത്തി. അനേക വർഷങ്ങൾക്കു മുമ്പ് പുരാതനകാലത്ത് യിസ്രായേല്യർ യെരുശലേമിൽ കൂടാരപ്പെരുന്നാൾ ആഘോഷിച്ചപ്പോൾ, തങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ അലഞ്ഞതും, പിളർക്കപ്പെട്ട പാറയിൽനിന്നൊഴുകിയ വെള്ളം കുടിച്ചതും അനുസ്മരിക്കുവാൻ അവർ വലിയൊരു പാറയും അതിനു മുകളിൽ വെള്ളം ഒഴുകുന്നതും അവർ സജ്ജീകരിച്ചിരുന്നു എന്ന് ഞാൻ ചില ലേഖനങ്ങളിൽ വായിച്ചു. പിതാക്കന്മാർ കൂടാരങ്ങളിൽ പാർത്തിരുന്നതും മരുഭൂമിയിൽ അലഞ്ഞതും എന്നാൽ തങ്ങളുടെ ദാഹം ശമിപ്പിക്കുവാൻ പിളർക്കപ്പെട്ട പാറയിൽനിന്നു കുടിച്ചതും കാണിക്കുവാൻ, പാറയുടെ അടുത്ത് കൂടാരങ്ങളും ഉണ്ടായിരുന്നിരിക്കാം. മനുഷ്യജീവിതം മുഴുവൻ മരുഭൂമിയിലാണെന്ന് ഇതെല്ലാം സൂചിപ്പിക്കുന്നു. നിങ്ങൾ ഒരു നിസ്സാര മനുഷ്യൻ അഥവാ പ്രസിഡന്റ്, തൊഴിലാളി അഥവാ പ്രൊഫസർ ആയാലും നിങ്ങൾ മരുഭൂമിയിൽ അലയുകയാണ്. നിങ്ങൾ പാർക്കുന്നത് ഉയർന്ന ഫ്ളാറ്റിലായാലും ഇഷ്ടികകൊണ്ടുള്ള വീട്ടിലായാലും, നിങ്ങൾ പാർക്കുന്നത് കൂടാരത്തിലാണ്. കൂടാരം സൂചിപ്പിക്കുന്നത് ഒരു താൽക്കാലിക നിവാസത്തെയാണ്. പുതിയ യെരുശലേമുമായി താരതമ്യപ്പെടുത്തുമ്പോൾ കൊട്ടാരം പോലും ഒരു കൂടാരമാണ്. നാമെല്ലാവരും മരുഭൂമിയിൽ അലയുന്നവരും, കൂടാരങ്ങളിൽ പാർക്കുന്നവരും, പാറയിൽനിന്നുള്ള ജീവജലം

കുടിക്കുന്നവരുമായ, തീർത്ഥാടകരാണ്. ഇത് നമ്മെ ഓർമ്മപ്പെടുത്തുന്നത് ഒരു ദിവസം യഥാർത്ഥ കൂടാരപ്പെരുന്നാൾ വരുമെന്നാണ്. അത് നിത്യകൂടാരമായി പുതിയ യെരുശലേമുള്ള പുതിയ ആകാശത്തിലും പുതിയ ഭൂമിയിലുമായിരിക്കും. പുതിയ യെരുശലേം മനുഷ്യരോട് കൂടെയുള്ള ദൈവത്തിന്റെ കൂടാരമാണെന്ന് വെളിപ്പാട് 21:3 പറയുന്നു. ഇതാണ് സുസ്ഥിരമായ യഥാർത്ഥ നിത്യകൂടാരം. പുതിയ യെരുശലേമായ കൂടാരത്തിൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ ദാഹം ശമിപ്പിക്കുവാൻ തുടർച്ചയായി ഒഴുകുന്ന ജീവജലനദിയുണ്ട്. അതുകൊണ്ട്, കൂടാരപ്പെരുന്നാളുകൾ നമുക്ക് ഇപ്രകാരം ഒരു ഭാവിയുണ്ടെന്ന് നമ്മെ ഓർമ്മിപ്പിക്കുകയും ഈ യുഗത്തിലെ ഒന്നുകൊണ്ടും നമുക്ക് ഒരിക്കലും തൃപ്തരാകുവാൻ കഴിയുകയില്ലെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുവാൻ ഇടയാക്കുകയും ചെയ്യുന്നു. അവയെല്ലാം നമ്മുടെ തീർത്ഥയാത്രയിലെ കാര്യങ്ങളാണ്. അവയെല്ലാം അവസാനിക്കും. നാം സഞ്ചാരികളാണ്. നാം നമ്മുടെ ആത്യന്തിക ലക്ഷ്യത്തിലേക്ക്-പുതിയ ആകാശത്തിലും പുതിയ ഭൂമിയിലുമുള്ള നിത്യകൂടാരമായ പുതിയ യെരുശലേമിലേക്ക്- യാത്ര ചെയ്യുന്നു. നമുക്ക് ഇവിടെ ദാഹം ശമിപ്പിക്കുന്ന യഥാർത്ഥ വെള്ളമില്ല; അത് അവിടെ പുതിയ യെരുശലേമിലാണ്.